# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 29-12-2025**

### പ്രധാനവാർത്തകൾ

1. ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ ദ്വിദിന സന്ദർശനത്തിനായി ഇന്ന് വൈകുന്നേരം കേരളത്തിലെത്തും. തിരുവനന്തപുരത്ത് എൽ.എം.എസിൽ നടക്കുന്ന ട്രിവാൻഡ്രം ഫെസ്റ്റ് സ്നേഹ സംഗമം പരിപാടിയിൽ പങ്കെടുക്കും.
2. സംസ്ഥാനത്ത് സ്ഥാനാർത്ഥികളുടെ നിര്യാണത്തെ തുടർന്ന് വോട്ടെടുപ്പ് മാറ്റിവെച്ച മൂന്നു തദ്ദേശ വാർഡുകളിൽ പത്രിക പിൻവലിക്കാൻ അവസാന തീയതി ഇന്ന്.
3. ആലപ്പുഴയിൽ പക്ഷിപ്പനി നിയന്ത്രണവിധേയമാക്കാൻ കർശന നടപടി സ്വീകരിച്ചതായി ജില്ലാ കളക്ടർ. പ്രതിരോധ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.
4. ഇന്ത്യൻ റെയിൽവേയെ ലോകോത്തര നിലവാരമുള്ള ശൃംഖലയാക്കി മാറ്റാനുള്ള കേന്ദ്രീകൃത ശ്രമങ്ങളാണ് രാജ്യത്ത് നടന്നു വരുന്നതെന്ന് കേന്ദ്ര സർക്കാർ.
5. മൂടൽമഞ്ഞിലമർന്ന് ഉത്തരേന്ത്യ. വിമാന, ട്രെയിൻ സർവീസുകൾ തടസ്സപ്പെട്ടു.
6. ഇന്ത്യ- ശ്രീലങ്ക വനിതാ ടി–20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം നാളെ തിരുവനന്തപുരത്ത്.

RNU TVPM

********************************************

## ഉപരാഷ്ട്രപതി (ഇൻട്രോ)

ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ ദ്വിദിന സന്ദർശനത്തിനായി ഇന്നു കേരളത്തിലെത്തും.

ഇന്ന് വൈകിട്ട് പാളയം എൽ.എം.എസിൽ നടക്കുന്ന ട്രിവാൻഡ്രം ഫെസ്റ്റിലെ സ്നേഹ സംഗമം പരിപാടിയിൽ ഉപരാഷ്ട്രപതി പങ്കെടുക്കും.

**വിശദാംശങ്ങളിലേക്ക്.........**

(വോയിസ്)

## ഉപരാഷ്ട്രപതി (വോയിസ്)

ഇന്ന് രാവിലെ പുതുച്ചേരിയിൽ വിവിധ പരിപാടികളിൽ പങ്കെടുത്ത ശേഷം വൈകിട്ട് ആറരയോടെയാകും ഉപരാഷ്ട്രപതി തിരുവനന്ത പുരത്ത് എത്തുക. പാളയം എൽ. എം.എസിൽ നടക്കുന്ന ട്രിവാൻ ഡ്രം ഫെസ്റ്റിൽ അദ്ദേഹം മുഖ്യാതിഥിയാകും. നാളെ വർക്കലയിൽ 93മത് ശിവഗിരി സമ്മേളനം ഉദ്ഘാടനം ചെയ്യുന്ന ഉപരാഷ്ട്രപതിനാ ലാഞ്ചിറ മാർ ഇവാനിയോസ് കോളേജിന്റെ പ്ലാറ്റിനം ജൂബിലി സ മാപന ചടങ്ങിലും പങ്കെടുക്കും. തുടർന്ന് നാളെ ഉച്ചയോടെ അദ്ദേഹം തമിഴ്നാട്ടിലേക്കു തിരിക്കും. അതേസമയം, ഉപരാഷ്ട്രപതിയുടെ സന്ദർശനത്തോട് അനുബന്ധിച്ച് തിരുവനന്തപുരത്ത് ഇന്ന് ഉച്ചയ്ക്ക് 2.30 മുതൽ രാത്രി 8.30 വരെയും നാളെ രാവിലെ 6 മുതൽ ഉച്ചയ്ക്ക് രണ്ട് വരെയും ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇന്ന് വൈകുന്നേരം 6 മുതൽ രാത്രി 8 വരെ കനകക്കുന്ന് കോമ്പൗണ്ടി ലേക്ക് പൊതുജനങ്ങൾക്ക് പ്രവേശനം ഉണ്ടായിരിക്കില്ല.

******************************************

RNUTVPM

## വി.പി - പുതുച്ചേരി

ഒരു ദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി സി.പി.രാധാകൃഷ്ണൻ പുതുച്ചേരിയിലെത്തി. പുതുച്ചേരി ലഫ്റ്റനന്റ് ഗവർണർ കെ.കൈലാഷ് നാഥൻ , മുഖ്യമന്ത്രി എൻ.രംഗസ്വാമി തുടങ്ങിയവർ അദ്ദേഹത്തെ വിമാനത്താവളത്തിൽ സ്വീകരിച്ചു. സ്മാർട്ട് സിറ്റി മിഷന്റെ കീഴിലുള്ള ഭവന പദ്ധതിക്ക് തുടക്കം കുറിക്കുന്ന ഉപരാഷ്ട്രപതി കമ്പൻ കലൈയരംഗത്ത് അഞ്ച് വീടുകളുടെ താക്കോൽ ദാനം അദ്ദേഹം നിർവഹിച്ചു.

*****************************************

## വോട്ടർപട്ടിക- പരാതി

കേരളത്തിൽ കരട് വോട്ടർ പട്ടികയിൻമേലുള്ള പരാതികളും അവകാശവാദങ്ങളും ജനുവരി 22 വരെ സമർപ്പിക്കാം. voters.eci.gov.in, ceo.kerala.gov.in വെബ്സൈറ്റുകളിൽ കരട് പട്ടിക ലഭ്യമാണ്.

RNU TVPM

*****************************************

## പത്രിക പിൻവലിക്കൽ

സംസ്ഥാനത്ത് സ്ഥാനാർത്ഥികളുടെ നിര്യാണത്തെ തുടർന്ന് വോട്ടെടുപ്പ് മാറ്റിവെച്ച മൂന്നു തദ്ദേശ വാർഡുകളിൽ പത്രിക പിൻവലിക്കാൻ അവസാന തീയതി ഇന്ന്. മലപ്പുറം മൂത്തേടം പഞ്ചായത്തിലെ പായിപ്പാടം, എറണാകുളം പാമ്പാക്കുട പഞ്ചായത്തിലെ ഓണക്കൂർ, തിരുവനന്തപുരം കോർപ്പറേഷനിലെ വിഴിഞ്ഞം എന്നീ വാർഡുകളിൽ ജനുവരി 12-നാണ് വോട്ടെടുപ്പ്. 13-ന് വോട്ടെണ്ണും.

*****************************************

## സ്റ്റാൻറിംഗ് കമ്മിറ്റി

അധ്യക്ഷ-ഉപാധ്യക്ഷ തിരഞ്ഞെടുപ്പ് പൂർത്തിയായ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും വിവിധ സ്റ്റാന്റിങ് കമ്മിറ്റി അംഗങ്ങളുടെ തിരഞ്ഞെടുപ്പ് അടുത്തമാസം 5 മുതൽ 7 വരെ തീയതികളിൽ നടത്തുമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ അറിയിച്ചു. ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളിൽ നാലും ജില്ലാ പഞ്ചായത്തിൽ 5 ഉം മുനിസിപ്പാലിറ്റികളിൽ 6 ഉം കോർപ്പറേഷനുകളിൽ 8 ഉം സ്റ്റാന്റിംഗ് കമ്മിറ്റികളാണ് രൂപീകരിക്കേണ്ടത്.

*****************************************

## അധ്യക്ഷ തിരഞ്ഞെടുപ്പ്

അധ്യക്ഷ തിരഞ്ഞെടുപ്പ് മാറ്റി വെച്ച സംസ്ഥാനത്തെ ആറ് തദ്ദേശ സ്ഥാപനങ്ങളിൽ ഇന്ന് തിരഞ്ഞെടുപ്പ് നടക്കുന്നു. കാസർകോട്ടെ പുല്ലൂർ-പെരിയ, മലപ്പുറത്തെ തിരുവാലി, എറണാകുളത്തെ വെങ്ങോല, കോട്ടയത്തെ എരുമേലി, ആലപ്പുഴയിലെ നെടുമുടി, വിയയപുരം എന്നിവിടങ്ങളിലാണ് തിരഞ്ഞെടുപ്പ്. വീയപുരം പഞ്ചായത്ത് പ്രസിഡന്റായി എൽ ഡി എഫിലെ പി ഓമനയെയും നെടുമുടി പഞ്ചായത്തിൽ പി കെ വിനോദിനെയും തിരഞ്ഞെടുത്തു. പെരിയയിൽ എൽ.ഡി.എഫിലെ സബിത നറുക്കടുപ്പിലൂടെ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു. ക്വാറം തികയാത്തതിനെ തുടർന്നാണ് ശനിയാഴ്ച ഇവിടങ്ങളിൽ തിരഞ്ഞെടുപ്പ് നടത്താതിരുന്നത്.

*****************************************

## പക്ഷിപ്പനി -കളക്ടർ (ഇൻട്രോ)

ആലപ്പുഴയിൽ പക്ഷിപ്പനി നിയന്ത്രണവിധേയമാക്കാൻ കർശന നടപടി സ്വീകരിച്ചതായി ജില്ലാ കളക്ടർ അലക്സ് വർഗീസ്

PRD TVPM

അറിയിച്ചു. സാന്പിള്‍ ഭോപ്പാലിലെ നാഷണല്‍ ഇന്‍സ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയില്‍ അയച്ച് സ്ഥിരീകരിച്ച ഉടന്‍ അടിയന്തര യോഗം ചേര്‍ന്ന് പ്രതിരോധ നടപടികള്‍ ആരംഭിച്ചു. പ്രഭവകേന്ദ്രത്തിന് ഒരുകിലോമീറ്റര്‍ ചുറ്റളവിലുള്ള പക്ഷികളെ കൊന്നൊടുക്കാന്‍ നിര്‍ദ്ദേശം നല്‍കി. രണ്ടുദിവസംകൊണ്ട് 28,000 പക്ഷികളെ കള്ളിങ് ചെയ്തു. പത്ത് കിലോമീറ്റര്‍ ചുറ്റളവില്‍ വില്‍പ്പനയും ഉപയോഗവും വിലക്കിയിട്ടുണ്ടെന്നും കളക്ടര്‍ അറിയിച്ചു.

(വോയിസ്)

*****************************************

## <u>റെയില്‍വേ വികസനം</u>

എറണാകുളം അടക്കം മൂന്നു പ്രമുഖ റെയില്‍വേസ്റ്റേഷനുകളെ വിപുലമായ വികസനത്തിന് തിരഞ്ഞെടുത്ത് ദക്ഷിണ റെയില്‍വേ. കോച്ചിംഗ് ടെര്‍മിനലുകളുടെ വിപുലീകരണം, സ്റ്റേഷന്‍ പുനര്‍ വികസനം തുടങ്ങിയവയാണ് നടപ്പാക്കുന്നത്. എറണാകുളത്തിനു പുറമെ ചെന്നൈ, കോയമ്പത്തൂര്‍ സ്റ്റേഷനുകളാണ് വികസിപ്പിക്കുന്നത്.

RNU TVPM

*****************************************

## <u>റെയില്‍വേ -2025</u>

വന്ദേഭാരത് എ.സി ക്ലാസ് യാത്രക്കാര്‍ക്കായി സ്ലീപ്പര്‍ സംവിധാനം ഉടന്‍ ആരംഭിക്കുമെന്ന് ഇന്ത്യന്‍ റെയില്‍വേ. റെയില്‍വേയെ ലോകോത്തര നിലവാരമുള്ള ശൃംഖലയാക്കി മാറ്റാന്‍ കേന്ദ്രീകൃത ശ്രമങ്ങളും, തദ്ദേശീയവല്‍ക്കരണവും സഹായിക്കുന്നുവെന്ന് മന്ത്രാലയം അറിയിച്ചു. അമൃത് ഭാരത് ട്രെയിനുകള്‍ വഴി എ.സി ഇതര യാത്രക്കാര്‍ക്കും സുഖകരമായ

യാത്ര ലഭ്യമാക്കി. രാജ്യത്താകെ 164 വന്ദേഭാരത് ട്രെയിനുകൾ ഓടുന്നുണ്ടെന്ന് മന്ത്രാലയം അറിയിച്ചു.

*******************************************

## മൻ കി ബാത്ത് (ഇൻട്രോ

ദേശീയ സുരക്ഷ, കായികം, ശാസ്ത്രം തുടങ്ങി സമസ്ത മേഖലകളിലും അഭിമാനകരമായ നേട്ടമാണ് ഇന്ത്യ ഈ വർഷം കൈവരിച്ചതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത്തിൻറെ 129-ാം പതിപ്പിലാണ് അദ്ദേഹം ഇക്കാര്യം പറഞ്ഞത്. മൻ കി ബാത്തിലെ പ്രധാനമന്ത്രിയുടെ പരാമർശത്തെ കുറിച്ച് കോഴിക്കോട് കോർപറേഷൻ ബേപ്പൂർ വാർഡ് കൗൺസിലർ ഷിനു പിണ്ണാണത്ത് ആകാശവാണി വാർത്തകളോട്......

(വോയിസ്)

*******************************************

RNU TVPM

## ഡൽഹി - മൂടൽമഞ്ഞ്

ഉത്തരേന്ത്യയിൽ പല ഭാഗങ്ങളും കനത്ത മൂടൽമഞ്ഞിലമർന്നു. വിമാന, ട്രെയിൻ സർവീസുകൾ തടസ്സപ്പെട്ടു. മോശം കാലാവസ്ഥ കാരണം ഇന്ന് 64 ഫ്ളൈറ്റുകൾ റദ്ദാക്കിയതായി ഡൽഹി വിമാനത്താവളം അധികൃതർ അറിയിച്ചു. ഡൽഹിയിലേക്കുള്ള 18 ട്രെയിനുകൾ മൂന്ന് മണിക്കൂറിലധികം വൈകിയാണ് ഓടുന്നത്. സിവിൽ വ്യോമയാന മന്ത്രാലയം യാത്രക്കാർക്ക് ജാഗ്രതാനിർദ്ദേശം നൽകി. വിമാനത്താവളത്തിലേക്ക് പോകുന്നതിനുമുമ്പ് ഫ്ളൈറ്റിന്റെ സമയക്രമം പരിശോധിക്കാൻ വ്യോമയാനക്കമ്പനികൾ യാത്രക്കാരോട് നിർദ്ദേശിച്ചു.

നാളെയും മറ്റന്നാളും മൂടൽമഞ്ഞ് കനക്കാൻ സാധ്യതയെന്നാണ് കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ്. ഹിമാചൽ പ്രദേശ്, പഞ്ചാബ്, ഹരിയാന, ചണ്ഡീഗഡ്, ഡൽഹി, ഉത്തർപ്രദേശ്, ബിഹാർ എന്നിവിടങ്ങളിൽ ഓറഞ്ച് ജാഗ്രത പുറപ്പെടുവിച്ചു. ഡൽഹി, ഹരിയാന, ചണ്ഡീഗഡ്, ഛത്തീസ്ഗഡ്, മധ്യപ്രദേശ്, പഞ്ചാബ് എന്നിവിടങ്ങളിലെ ചില ഭാഗങ്ങളിൽ ഇന്ന് ശീതതരംഗം ഉണ്ടാകുമെന്നും പ്രവചനമുണ്ട്. ഡൽഹിയിലെ വായുവിന്റെ ഗുണനിലവാരം ഇന്ന് രാവിലെയും ഗുരുതരമായ അവസ്ഥയിൽ തുടരുകയാണ്.

*****************************************

## വനിത ക്രിക്കറ്റ്

ഇന്ത്യ- ശ്രീലങ്ക വനിതാ ടി—20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം നാളെ തിരുവനന്തപുരത്ത് കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ നടക്കും. ഇന്നലെ നടന്ന നാലാം മത്സരത്തിൽ, ശ്രീലങ്കയ്ക്കെതിരെ ഇന്ത്യ 30 റൺസ് ജയം നേടിയിരുന്നു.

RNU TVPM

*****************************************

## ഓഹരി - സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 271 പോയിന്റ് താഴ്ന്ന് 84,769 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 69 പോയിന്റ് നഷ്ടത്തിൽ 25,971 ലും വ്യാപാരം പുരോഗമിക്കുന്നു.

സ്വർണവിലയിൽ ഇടിവ്. ഗ്രാമിന് 65 രൂപ കുറഞ്ഞ് 12,990 രൂപയും പവന് ഒരു ലക്ഷത്തി 3,920 രൂപയുമാണ് ഇന്നത്തെ വില.

*****************************************

## ഉന്നാവോ കേസ്

ഉന്നാവോ കേസിൽ ഉത്തർ പ്രദേശ് മുൻ എംഎൽഎ കുൽദീപ് സിംഗ് സെൻഗാറിന് തിരിച്ചടി. സെൻഗാറിൻറെ ശിക്ഷ മരവിപ്പിക്കുകയും ജാമ്യം അനുവദിക്കുകയും ചെയ്ത ഡൽഹി ഹോക്കോടതി ഉത്തരവ് സുപ്രീംകോടതി സ്റ്റേ ചെയ്തു. സിബിഐ സമർപ്പിച്ച ഹർജിയിലാണ് ഉത്തരവ്. ചീഫ് ജസ്റ്റിസ് അടങ്ങിയ മൂന്നംഗ ബെഞ്ചാണ് ഹർജി പരിഗണിച്ചത്.

******************************************

## നിയമസഭ - പുസ്തകോത്സവം

കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവം അടുത്തമാസം എഴ് മുതൽ 13 വരെ തിരുവനന്തപുരത്ത് നിയമസഭാ സമുച്ചയത്തിൽ നടക്കും. ഇരുന്നൂറിലധികം പ്രസാധകർ പുസ്തകോത്സവത്തിൽ പങ്കെടുക്കുന്നുണ്ട്. പ്രവേശനം സൗജന്യമാണ്.

RNU TVPM

******************************************

## കണ്ണൂർ - ശാസ്ത്ര കോൺഗ്രസ്

തലശ്ശേരി ഗവൺമെന്റ് ബ്രണ്ണൻ കോളേജിൽ നടക്കുന്ന 84 മത് ഇന്ത്യൻ ചരിത്ര കോൺഗ്രസിൽ രാവിലെ കോളേജ് ഓഡിറ്റോറിയത്തിൽ വിവിധ വിഷയങ്ങളിലുള്ള സിമ്പോസിയം ആരംഭിച്ചു. പാനൽ ചർച്ചകളും പുരോഗമിക്കുകയാണ്. ഇന്നലെ ആരംഭിച്ച ചരിത്ര കോൺഗ്രസ് നാളെ സമാപിക്കും.

*********************************************************************************************
**********************************